**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തൊഴിലും നൈപുണ്യവും വകുപ്പ് - ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് - 140 ഇ.എസ്.ഐ ഡിസ്പെൻസറികളിൽ കമ്പ്യൂട്ടർ ഹാർഡ് വെയേഴ്സ് വാങ്ങുന്നതിന് ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പ് ഡയറക്ടർക്ക് അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തൊഴിലും നൈപുണ്യവും (എഫ്) വകുപ്പ്**

**സ.ഉ(സാധാ.) നം.878/2017/തൊഴിൽ. തിരുവനന്തപുരം, തീയതി: 07.07.2017.**

---

പരാമർശം:-1) സ.ഉ (സാധാ) നം.889/2017/തൊഴിൽ, തീയതി, 18.07.2016

2) ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പ് ഡയറക്ടറുടെ 04.05.2017 ലെ എഫ് 4 -16117/2016/ഡി.ഐ.എം.എസ് നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

2016-17 സാമ്പത്തിക വർഷത്തെ പദ്ധതി വിഹിതത്തിൽ ഇൻഷുറൻസ് മെഡിക്കൽ സർവീസസ് വകുപ്പിന് വകയിരുത്തിയിരുന്ന 175 ലക്ഷം രൂപയ്ക്ക് ഭരണാനുമതി നൽകി പരാമർശം - 1 പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ഇതിൽ 50,40,000/- രൂപ ഇ.എസ്.ഐ ഡിസ്പെൻസറികളിലേക്ക് കമ്പ്യൂട്ടർ ഹാർഡ് വെയേഴ്സ് വാങ്ങുന്നതിനാണ് വകയിരുത്തിയിരുന്നത്.

2) കമ്പ്യൂട്ടർ ഹാർഡ് വെയേഴ്സ് വാങ്ങുന്നതിനായി ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പ് ഡയറക്ടർ വിളിച്ച ടെൻഡറുകൾ 22.02.2017 ൽ കൂടിയ വകുപ്പ് തല പർച്ചേസ് കമ്മറ്റി പരിശോധിച്ചിരുന്നു . ടി ടെൻഡർ വെന്റർ ന്യൂട്രൽ അല്ലാത്തതിനാൽ റദ്ദാക്കുവാനും ഐ . റ്റി വകുപ്പുമായി ബന്ധപ്പെട്ട് കുറ്റമറ്റ രീതിയിൽ item wise റീ ടെൻഡർ വിളിച്ച് തുടർനടപടികൾ സ്വീകരിക്കുവാനും പർച്ചേസ് കമ്മറ്റിയിൽ തീരുമാനിക്കുകയുണ്ടായി . റീ ടെൻഡർ വിളിച്ച് പർച്ചേസ് സംബന്ധിച്ച നടപടികൾ ടി സാമ്പത്തിക വർഷത്തിൽ പൂർത്തീകരിക്കാൻ സാധിക്കാത്തതിനാൽ ടി തുക eLAMS ൽ രജിസ്റ്റർ ചെയ്യുകയുണ്ടായി. 22.02.2017 ൽ നടന്ന വകുപ്പ് തല പർച്ചേസ് കമ്മറ്റി തീരുമാനമനുസരിച്ച് റീ ടെൻഡർ നോട്ടിഫിക്കേഷൻ നടത്തുന്നതിന് മുൻപായി ഐ.റ്റി മിഷൻ എക്സ്പെർട്ടിനെ കൂടി ഉൾപ്പെടുത്തി ടെക്നിക്കൽ കമ്മറ്റി രൂപീകരിച്ച് സ്പെസിഫിക്കേഷൻ തീരുമാനിക്കുകയും ടെൻഡർ നോട്ടിഫിക്കേഷൻ നടത്തുകയും ചെയ്തിരുന്നു. ചുവടെ ചേർത്തിരിക്കുന്ന 3 കമ്പനികളുടെ ടെൻഡറുകളാണ് ലഭിച്ചത് .

1.Halcyon Transmission Technologies
2.ISYX Technologies India Pvt.ltd
3.Ideal Systems

3) ടി ടെൻഡറുകളുടെ സ്പെസിഫിക്കേഷൻ ഐ.റ്റി എക്സ്പെർട്ടിന്റെ സാന്നിദ്ധ്യത്തിൽ കമ്മറ്റി കൂടി പരിശോധിച്ചിരുന്നു. Ideal systems ക്വാട്ട് ചെയ്തിരിക്കുന്ന ADSL Modem – ത്തിന് MAF (a mandatory document) ഇല്ലാത്തതിനാൽ നിരസിച്ചു. ബാക്കി എല്ലാ കമ്പനികളുടെയും ഫിനാൻഷ്യൽ ബിഡ് ഓപ്പൺചെയ്ത് പരിശോധിക്കുകയുണ്ടായി. 3 കമ്പനികളുടെ ഫിനാൻഷ്യൽ ബിഡിന്റെ ടാബുലേഷൻ സ്റ്റേറ്റ്മെന്റ് താഴെ പറയും പ്രകാരം തയാറാക്കി ഡയറക്ടർ സമർപ്പിക്കുകയുണ്ടായി.

മറുപുറം

| | Desktop | Printer | Modem |
|---|---|---|---|
| Halcyon Transmission Technologies | 38,36,000/- | 8,40,000/- | 1,89,000/- |
| Ideal Systems | 40,54,260/ | 7,89,096/- | Rejected |
| Isyx Technologies India Pvt.ltd | 44,29,680.36/- | 8,60,999.60/- | 2,15,906.25/- |

4)ഇവയിൽ Desktop, Modem, എന്നിവയുടെ ഏറ്റവും കുറഞ്ഞ വില രേഖപ്പെടുത്തിയിരിക്കുന്നത് Halcyon Transmission Technologies ആണ് . പ്രിന്ററിന് ഏറ്റവും കുറഞ്ഞ വില രേഖപ്പെടുത്തിയിരിക്കുന്നത് Ideal Systems ആണ് . L1 ക്വാട്ട് ചെയ്തിരിക്കുന്നവയുടെ ആകെ തുക 48,14,096/- രൂപയാണ്. L1 ക്വാട്ട് ചെയ്തിരിക്കുന്ന കമ്പനികളുമായി നെഗോഷ്യേഷന് ശ്രമിച്ചെങ്കിലും ടി കമ്പനികൾ എല്ലാം തന്നെ lowest price ആണ് ക്വാട്ട് ചെയ്തിരിക്കുന്നതെന്നും ഇനി നെഗോഷ്യേഷന് സാധ്യതയില്ലായെന്നും ആയതിനാൽ ലഭിച്ച ടെൻഡറുകളിൽ നിന്ന് കുറഞ്ഞ വിലകൾ സ്വീകരിച്ച് 48,14,096/- രൂപയ്ക്ക് പർച്ചേസ് നടത്താൻ അനുമതി നൽകണമെന്ന് പരാമർശം - 2 പ്രകാരം ഡയറക്ടർ അപേക്ഷിക്കുകയുണ്ടായി.

5) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ഇൻഷുറൻസ് മെഡിക്കൽ സർവീസസ് വകുപ്പിന് കീഴിലുള്ള 140 ഇ.എസ്.ഐ ഡിസ്പെൻസറികളിൽ ഡെസ്ക്ടോപ്പ്, മോഡം എന്നിവ Halcyon Transmission Technologies ൽ നിന്നും പ്രിന്റർ Ideal Systems ൽ നിന്നും വാങ്ങുന്നതിന് അനുമതി നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു. കൂടാതെ ടി ആവശ്യത്തിനായി ഇലക്ട്രോണിക് ലെഡ്ജർ അക്കൗണ്ട് മാനേജ്മെന്റ് സിസ്റ്റത്തിൽ (eLAMS) ൽ രജിസ്റ്റർ ചെയ്തിരിക്കുന്ന 2016-17 വർഷത്തെ പദ്ധതി വിഹിതത്തിൽ നിന്നും (ഹെഡ് ഓഫ് അക്കൗണ്ട് -2210-01-102-95 പ്ലാൻ) 48,14,096/- (നാല്പത്തെട്ട് ലക്ഷത്തി പതിനാലായിരത്തി തൊണ്ണൂറ്റി ആറ് രൂപ മാത്രം) രൂപ ചെലവഴിക്കുന്നതിനും ഇൻഷുറൻസ് മെഡിക്കൽ സർവീസസ് ഡയറക്ടർക്ക് അനുമതി നൽകുന്നു.

**ഗവർണറുടെ ഉത്തരവിൻ പ്രകാരം,**
**പി.കെ.സീതാലക്ഷ്മി അമ്മ,**
**അഡീഷണൽ സെക്രട്ടറി.**

ഡയറക്ടർ, ഇൻഷുറൻസ് മെഡിക്കൽ സർവീസസ്, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ഓഡിറ്റ്/ഡി.ബി സെൽ) കേരളം, തിരുവനന്തപുരം.
സ്റ്റോർസ് പർച്ചേസസ് വകുപ്പ് (എ 2/54/2017/എസ്.പി.ഡി, തീയതി 28.06.2017 പ്രകാരം).
ഇലക്ട്രോണിക്സ് & ഐ.റ്റി വകുപ്പ് (IT Cell - 2/159/2017-ITD തീയതി 23.05.2017 പ്രകാരം).
ധനകാര്യ വകുപ്പ്
വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ് (സർക്കാരിന്റെ ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി
**കരുതൽ ഫയൽ / ഓഫീസ് കോപ്പി.**

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ